# ഗവ എൽ.പി സ്കൂൾ വിളയാട്ടൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ഗവ എൽ പി സ്കൂൾ വിളയാട്ടൂർ

മേലടി ഉപജില്ല, വടകര വിദ്യാഭ്യാസ ജില്ല

**നൈരന്തര്യം**

ഗവ: എൽ.പി.സ്കൂൾ
ഇൻചാർജ് പി.ഒ
Date:..........
വിളയാട്ടൂർ

# ഉള്ള


1. ആമുഖം
2. മാതൃഭാഷാപഠനം - പ്രശ്നങ്ങൾ
3. പ്രശ്നവിശകലനം ഫോർമാറ്റ് 2
4. ഇംഗ്ലീഷ്
5. ഗണിതം
6. പരിസരപഠനം
7. അറബിക്
8. കലാകായികം
9. ഉപസംഹാരം

## ആമുഖം

കോഴിക്കോട് ജില്ലയിലെ മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഏക സർക്കാർ പ്രൈമറി വിദ്യാലയമാണ് 1888 ൽ സ്ഥാപിതമായ വിളയാട്ടൂർ ഗവൺമെന്റ് എൽ .പി സ്കൂൾ. മുട്ടപ്പറമ്പ് ,ഇല്ലത്ത് താഴ, നടുക്കണ്ടി, കാരേക്കണ്ടി ,കണ്ടൻചിറ, ചെമ്പകമുക്ക്, അയിമ്പാടി, കല്പ്പ, കീഴ്പ്പയ്യൂർ മഞ്ഞക്കുളം തുടങ്ങിയ മേപ്പയ്യൂർ പഞ്ചായത്തിന്റെ വിവിധ ദേശങ്ങളിലെ സാധാരണക്കാർക്ക് വിദ്യാഭ്യാസമേകിയ ഒരു സ്ഥാപനമാണ് ഈ അക്ഷരമുത്തശ്ശി.

## അവസ്ഥാ വിശകലനം

ഓരോ വിദ്യാലയത്തിനും അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിനും വളർച്ചയ്ക്കും ഭൗതിക സൗകര്യങ്ങൾ മനുഷ്യ വിഭവശേഷി , ശക്തമായ സാമൂഹ്യ പിന്തുണ എന്നിവയെല്ലാം വേണം. ഒരു നൂറ്റാണ്ടിന്റെ ചരിത്രം നെഞ്ചിലേറ്റുമ്പോഴും സ്ഥലസൗകര്യം ,കെട്ടിടങ്ങളുടെ അഭാവം തുടങ്ങിയവ സ്കൂളിന്റെ വെല്ലുവിളികൾ ആയിരുന്നു. ആകെ 10 സെന്റ് ഭൂമിയിൽ വളരെ പഴക്കം ചെന്ന കെട്ടിടത്തോടുകൂടി സ്ഥിതി ചെയ്ത ഈ വിദ്യാലയം 2012-13 കാലഘട്ടങ്ങളിൽ അടച്ചുപൂട്ടൽ ഭീഷണി വരെ നേരിടുകയുണ്ടായി. തുടർന്നങ്ങോട്ട് സ്കൂളിനോട് ചേർന്ന് അല്പം കൂടി സ്ഥലം ഏറ്റെടുക്കുകയും സ്കൂളിൽ വാഹനം ,പ്രീ പ്രൈമറി വിഭാഗം എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. എന്നാൽ സ്കൂളിന് തികച്ചും ഒരു കുതിച്ചുചാട്ടമേകിയത് രണ്ടായിരത്തി പത്തൊമ്പത് -ഇരുപത് കാലഘട്ടത്തിൽ ബഹു പേരാമ്പ്ര എംഎൽഎ ശ്രീ ടി പി രാമകൃഷ്ണൻ അവർകൾ ഒരു കോടി രൂപ കെട്ടിടത്തിന് അനുവദിച്ചതു മുതലാണ്. കൊറോണകാരണവും മറ്റു സാങ്കേതിക പ്രശ്നങ്ങൾ കാരണവും നിർമ്മാണ പ്രവർത്തികൾ ഏറെ വൈകിയെങ്കിലും നിലവിൽ രണ്ടു നിലകളിലായി 8 ക്ലാസ് മുറികളും ഓഡിറ്റോറിയവും സ്കൂളിന് ലഭിച്ചു. ബഹുരാജ്യ സഭ എംപി സന്തോഷ് അവർകൾ സ്കൂളിന് സ്വന്തമായി ഒരു വാഹനവും നൽകി. വൃത്തിയും സൗകര്യവും ഉള്ള അടുക്കള, ഒരു ബാത്റൂം കോംപ്ലക്സ്, 3000 ത്തോളം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി, സ്മാർട്ട് ക്ലാസ്സ് റൂമുകൾ ,ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ ഈ സ്കൂളിൽ നിലവിലുണ്ട്. കുട്ടികൾക്ക് ഒരു മൈതാനം കൂടി സംഘടിപ്പിക്കുവാൻ നിരന്തരം പരിശ്രമിക്കുന്ന ഒരു അവസ്ഥയാണ് ഉള്ളത്. 45 വർഷത്തിലേറെ പഴക്കമുള്ള പഴയ കെട്ടിടം പൊളിച്ചാൽ കുട്ടികൾക്ക് അല്പമെങ്കിലും കളിസ്ഥലം ലഭിക്കുന്നതാണ്. പാഠ്യ- പാഠ്യേതര മേഖലകളിൽ ഏറ്റവും മികച്ച വിജയമാണ് വിദ്യാലയം നേടിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ അധ്യയന വർഷം പഞ്ചായത്തിൽ ഏറ്റവും കൂടുതൽ LSS നേടിയത് ഈ വിദ്യാലയമാണ്. കലാമേളയിൽ ഉപജില്ലയിൽ 76 സ്കൂളുകളോട് മത്സരിച്ച രണ്ടാം സ്ഥാനം കരസ്ഥമാക്കുവാനും വിദ്യാലയത്തിന് കഴിഞ്ഞു. നിലവിൽ ഉപജില്ലയിൽ എൽ എസ് എസ് വിജയശതമാനത്തിൽ രണ്ടാം സ്ഥാനത്താണ് എന്നുള്ളത് ഏറെ അഭിമാനകരമാണ്. ചുരുക്കത്തിൽ അസാധാരണമായ വിദ്യാഭ്യാസ നേട്ടങ്ങൾ

കൈവരിക്കുന്ന സാധാരണക്കാരുടെ വിദ്യാലയം എന്ന് നമ്മുടെ സ്കൂളിനെ ഒറ്റവാക്കിൽ വിശേഷിപ്പിക്കാവുന്നതാണ്.

*ഭാവി പ്രവർത്തനങ്ങൾ*

വളരെ സുശക്തമായ ഒരു പിന്തുണ സംവിധാനമാണ് സ്കൂളിന് നിലവിലുള്ളത്. ഒരു പിടിഎ സമിതിയും സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പും നിലവിലുണ്ട്. സ്കൂളിന് സ്വന്തമായി ഒരു കളിസ്ഥലം കണ്ടെത്തുക അത്യാധുനിക സംവിധാനങ്ങൾ അടക്കമുള്ള ക്ലാസ് മുറികൾ ആക്കി മാറ്റുക തുടങ്ങിയ ഭാവി പ്രവർത്തനങ്ങൾ ഈ സമിതിയുടെ മുന്നാകെ പരിഗണനയിലിരിക്കുന്നു. നിലവിൽ എൽകെജി മുതൽ നാലാം ക്ലാസ് വരെ ആണ് ഈ സ്കൂളിൽ ക്ലാസുകൾ പ്രവർത്തിക്കുന്നത്. 2027-28 കാലഘട്ടത്തോടുകൂടി യുപി വിഭാഗം കൂടി ഈ സ്കൂളിലേക്ക് കൂട്ടിച്ചേർക്കാൻ ഉള്ള നടപടികൾ പിടിഎ അധികാരികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം എല്ലാ അത്യാധുനിക സംവിധാനങ്ങളും മികച്ച വിദ്യാഭ്യാസ നിലവാരവുമുള്ള ഒരു മാതൃകാ സർക്കാർ വിദ്യാലയം ആക്കി മാറ്റുവാൻ എവരും ഒത്തൊരുമിച്ച് മുന്നേറുകയാണ്.

## പദ്ധതിരൂപീകരണപ്രക്രിയ

പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിൻറെ ഭാഗമായി വിദ്യാലയവികസനകാഴ്ചപ്പാട് രൂപീകരിക്കുന്നതിന്എസ്.ആർ.ജി. യോഗം ചേരുകയും വിശദമായ ചർച്ചകൾ നടത്തുകയും ചയ്തു.പി.ടി.എയുടെയും എസ്.എസ്.ജിയുടെയും യോഗം ചേരുകയും വിശദമായ 1 ർച്ചകൾ നടത്തുകയും ചെയ്തു. ഇവയുടെ അടിസ്ഥാനത്തിൽ കരട് രേഖ തയ്യാറാക്കുകയും ◌ീണ്ടും പി.ടി.എയുടെയുംഎസ്.എസ്.ജിയുടെയും യോഗം ചേരുകയും വിശദമായ ചർച്ചകൾ ചയ്തു ശേഷം കരട് രേഖ അംഗീകരിച്ചു.

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | ഗവ.എൽ.പി സ്കൂൾ വിളയാട്ടൂർ |
| വിലാസം | ഇരിങ്ങത്ത് പി. ഒ 673523 |
| ഫോൺ | 04962675619 |
| സ്കൂൾ കോഡ് | 16550 |
| വിദ്യാഭ്യാസജില്ല | വടകര |
| വിദ്യാഭ്യാസഉപജില്ല | മേലടി |
| റവന്യൂ ജില്ല | കോഴിക്കോട് |
| ബി.ആർ.സി | മേലടി |
| സി.ആർ.സി | മേപ്പയ്യൂർ |
| ഗ്രാമപഞ്ചായത്ത് | മേപ്പയ്യൂർ |
| ബ്ലോക് പഞ്ചായത്ത് | മേലടി |
| ജില്ലാപഞ്ചായത്ത് | കോഴിക്കോട് |
| നിയമസഭാമണ്ഡലം | പേരാമ്പ്ര |
| ലോകസഭാമണ്ഡലം | വടകര |
| താലൂക്ക് | കൊയിലാണ്ടി |
| വില്ലേജ് | കൊഴുക്കല്ലൂർ |
| mail id | glpsvilayattur@gmail.com |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ആമുഖം

പൊതു വിദ്യാലയങ്ങൾ ഉണരുകയാണ്. കേരളത്തിലെ ഓരോ പൊതുവിദ്യാലയവും അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർന്നുവരുവാനുള്ള ശ്രമങ്ങൾ സർക്കാർ, വിദ്യാഭ്യാസ വകുപ്പ്, ജനപ്രതിനിധികൾ, ത്രിതല പഞ്ചായത്തുകൾ, പൊതുജനങ്ങൾ, അധ്യാപക-രക്ഷാകർതൃസമൂഹം, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടക്കുകയാണ്. ആവേശകരമായ ഈ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം വിജയിക്കേണ്ടത് ക്ലാസ് മുറികളിലാണ്. ഇതിനായി വിഷയാധിഷ്ഠിതമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ ചർച്ചയ്ക്കുശേഷം വികസനപദ്ധതിക്ക് രൂപം നൽകുകയാണ് ചെയ്തത്. അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിലൂടെ രാഷ്ട്രപുനർനിർമ്മാണത്തിന് അനുയോജ്യമായ വിദ്യാലയഅന്തരീക്ഷം ഒരുക്കുകയാണ് ചെയ്യുന്നത്. സ്കൂളിൻറെ ഭൗതികസാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് വഴി മികവിൻറെ പാതയിലേക്ക് വിദ്യാലയത്തെ നയിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

### മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

അക്കാദമികം

1. എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ച യിലെ ഉയർന്നശേഷികൾ കൈവരിക്കുന്നില്ല.
2. പഠനപ്രവർത്തനത്തിൻറെ ഭാഗമായി പഠനോപകരണങ്ങൾ, ഐ.സി.ടി സാധ്യത ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
3. സ്വരചിഹ്നങ്ങളുടെ രേഖപ്പെടുത്തലുകൾ കൃത്യമല്ല,
4. വായിക്കാനറിയാമെങ്കിലും ആശയഗ്രഹണവായന നടക്കുന്നില്ല.

പ്രശ്നം : 1. എല്ലാ കുട്ടികളും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിക്കുന്നില്ല .

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി |
|---|---|---|
| കുട്ടികൾ:<br>1. കുട്ടികൾക്ക് ഭാഷാപഠനത്തോടുള്ള | 1. 3,4,ക്ലാസുകളിൽ പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ നിലനിർണയിക്കൽ | 1. പ്രീടെസ്റ്റ്<br>2. കൈത്താങ്ങ് |

| | | |
|---|---|---|
| താൽപര്യക്കുറവ്<br><br>2. ചെറിയക്ലാസ് മുതലേ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാവരും നേടിയിട്ടില്ല. | 2. കൈത്താങ്ങ് പരിപാടി (അധിക സമയം കണ്ടെത്തി ) | |
| അധ്യാപകർ<br>1. എല്ലാ കുട്ടികളേയും പരിഗണിച്ച് ക്ലാസുകൾ കൊണ്ടു പോകാൻ കഴിയുന്നില്ല.<br>2. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല<br><br>സംവിധാനം<br><br>1. സമയക്കുറവ്<br>2. പ്രാദേശികആവശ്യങ്ങൾ പരിഗണിച്ച് അധ്യാപകപരിശീലനമില്ല. | പ്രാദേശികപാഠങ്ങൾ രൂപപ്പെടുത്തൽ | സി പി ടി എ |
| രക്ഷിതാക്കൾ<br>1. എല്ലാ വീടുകളിലും പഠനാന്തരീക്ഷംഉറപ്പാക്കുന്നില്ല.<br>2. രക്ഷാകർത്താക്കൾ സ്കൂളുമായി വേണ്ടത്ര ബന്ധപ്പെടുന്നില്ല.<br>3. കുട്ടിയുടെ പഠനനില തിരിച്ചറിയുന്നില്ല. - | രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണപരിപാടികൾ<br><br>ശില്പശാലകൾ | ശില്പശാലകൾ (കഥ , കവിത ) |

പ്രശ്നം 2

പഠനോപകരണങ്ങൾ ഐ.സി.ടി. എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

| കാരണങ്ങൾ | പരിഹാരനിർദ്ദേശം | പദ്ധതി |
|---|---|---|
| കുട്ടികൾ<br>1. ഗാർഹികപ്രശ്നങ്ങൾ.<br>2 താൽപര്യമുള്ള വായനാസാമഗ്രികളുടെ അഭാവം | 1. രക്ഷാകർതൃബോധവൽക്കരണം<br>2.പഠനോപകരണങ്ങളുടെനിർമ്മാണം<br>3.ഐ.സി.ടി.സംവിധാനമൊരുക്കൽ<br>4. ഡമോൺസ്ട്രേഷൻ ക്ലാസുകൾ<br>5. ക്ലാസ് ലൈബ്രറി | 1.പഠനോപകരണ നിർമ്മ<br>ശിൽപശാല<br>2. ക്ലാസ്മുറി ഹൈടെക്<br>വൽക്കരണം |
| അധ്യാപകർ<br>1. പഠനസാമഗ്രികളുടെ അഭാവം<br>2. ഐ.സി.ടി.സാധ്യതകൾ പ്രയോജ നപ്പെടുത്താനുള്ള സൗകര്യമില്ലായ്മ | | |
| സംവിധാനം<br>1.സമയക്കുറവ്.<br>2 പരിശീലനക്കുറവ് | | |
| രക്ഷിതാക്കൾ<br>1. സാമ്പത്തികം<br>2. കുട്ടിയുടെ യഥാർത്ഥപ്രശ്നം മനസ്സിലാക്കാതിരിക്കൽ | | |

| | | |
|---|---|---|
| താൽപര്യക്കുറവ് ശബ്ദവ്യത്യാസം ശ്രദ്ധിക്കുന്നില്ല. ശാരീരികപ്രശ്നം സ്ഥിരമായി ക്ലാസിലെത്തുന്നില്ല. ഉച്ചാരണം മാതൃകാപരമല്ല കൂടുതൽ പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയുന്നില്ല. | ക്ലാസ് റൂം ശിശുസൗഹൃദമാക്കുക ഐ.സി.ടി ഉപയോഗം കാര്യക്ഷമ മാക്കുക ടീച്ചറുടെ ഉച്ചാരണം മാതൃകാപരമാക്കുക സൂക്ഷ്മതല ആസൂത്രണം നട ത്തുക പഠനബോധനഉപകരണങ്ങൾ (വാ ക്കുകൾ, വാക്യങ്ങൾ, ) | പദ്ധതി ഐസിടി സാധ്യത ഉപയോഗിക്കുക ,സമഗ്രാസൂത്രണം ,സൂക്ഷ്മതലആസൂത്രണം , എന്നിവ നടത്തുക പഠനോപകരണ നിർമ്മാണ ശിൽപശാല |
| രക്ഷിതാവ് ധാരണയില്ലായ്മ | ബോധവൽക്കരണം നടത്തുക | ബോധവൽക്കരണ ക്ലാസ് |
| സംവിധാനം പ്രവർത്തനങ്ങളുടെ ആധിക്യം മോണിറ്ററിംഗ് ഇല്ലായ്മ ചിഹ്നങ്ങൾ, അക്ഷരങ്ങൾ ക്ലാസ് തലത്തിൽ ഭാഗിക്കണം | മറ്റ് പ്രവർത്തനങ്ങളുടെ ആധിക്യം കുറയ്ക്കുക മോണിറ്ററിങ്ങ് | |

അക്കാദമിക മാസ്റ്റർ പ്ലാൻ

പ്രശ്നവിശകലനം - ഫോർമാറ്റ് 2

മേഖല : അക്കാദമികം വിഷയം: മലയാളം (എൽ.പി)

പ്രശ്നം :1 സ്വരചിഹ്നങ്ങളുടെ രേഖപ്പെടുത്തലുകൾ കൃത്യമല്ല.

ലക്ഷ്യം: മുഴുവൻ കുട്ടികൾക്കും സ്വരചിഹ്നങ്ങളുടെ രേഖപ്പെടുത്തലുകൾ കൃത്യമാക്കുക.

| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പഠനോപകരണ ശിൽപശാല ആവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കൽ | ക്ലാസ് ചെയർപേഴ്സൺ ക്ലാസ് ടീച്ചർ | ജൂലൈ | 6000 | SSA, SSG, PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ

**ഭാഷ**

മുഖ്യ ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

ഉപലക്ഷ്യങ്ങൾ

* ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം, എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുക.
* എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പ് വരുത്തും.
* വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും. (ലൈബ്രറി ശാക്തീകരണം)
*വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗ്ഗാത്മകപ്രകടനങ്ങൾക്കുള്ള അവസ രങ്ങൾ പരിപോഷിപ്പിക്കും
.*ക്ലാസുകളിൽ ആവിഷ്കാരത്തിനുള്ള വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും. (ചുമർ പത്രികകൾ, കയ്യെഴുത്ത് പ്രതികൾ)

ലൈബ്രറി ശാക്തീകരണത്തിന്റെ പ്രവർത്തനങ്ങൾ

* സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്ര ദമാക്കും.
* ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും.
* ഒരു കുട്ടിക്ക് ഒരു പുസ്തകം പദ്ധതി/ബാഗ് ലൈബ്രറി നടപ്പിലാക്കും.
* വായന പ്രോത്സാഹിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
* രക്ഷിതാക്കളുടെ വായനാപരിപോഷണത്തിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പി ലാക്കും.

**സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപ യോഗം ഫലപ്രദമാക്കും. എന്ന പദ്ധതി പ്രവർത്തനത്തിന്റെ രൂപരേഖ**

1. ആമുഖം

നിലവിൽ 600 ൽ പരം പുസ്തകങ്ങൾ ഉള്ള ഒരു ലൈബ്രറി ഉണ്ട് അവയിൽ ഓരോ ക്ലാസുകാരും അവർക്ക് വേണ്ട റഫറൻസ് ഗ്രന്ഥങ്ങളും അധികവായനക്ക് വേണ്ട പുസ്തക ങ്ങളും ജൂൺമാസത്തിൽ തന്നെ ക്ലാസ് ലൈബ്രറിയിലേക്ക് മാറ്റുന്നു. ജൂൺമാസം രണ്ടാമത്തെ ആഴ്ച മുതൽ പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു. എല്ലാ ആഴ്ചയും പുസ്തകങ്ങൾ മാറ്റുന്നതിനുള്ള സൗകര്യമുണ്ട്. (കുട്ടികൾ

സ്വയം അറിവ് നിർമ്മിച്ച് ആശയങ്ങളും ധാരണകളും നൈപുണികളും മനോഭാവങ്ങളും വികസിപ്പിക്കുന്നതിന് സ്കൂൾ ലൈബ്രറി അനിവാര്യമാണ്. വായനയും റഫറൻസും പഠനപ്രക്രിയയുടെ ഭാഗമായി നടക്കണം ഇവിടെയാണ് ക്ലാസ് ലൈബ്രറിയുടെ പ്രാധാന്യം.

2. ലക്ഷ്യം

2025 ഡിസംബർ 31 ന് മുമ്പ് സ്കൂൾ ലൈബ്രറിമാതൃകാപരമായി ക്രമീകരിച്ച് ആകർഷ കമാക്കുകയും പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പ് വരുത്തുകയും ചെയ്യും.

3. പ്രവർത്തനങ്ങൾ

*നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരംതിരിക്കുന്നു. (2025July-August മാസങ്ങളിൽ ) ചാർജ്ജുള്ള അധ്യാപികയും സഹഅധ്യാപകരും.

*ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു .

*പുസ്തകവിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു (2025 ജൂൺ രണ്ടാമത്തെ ആഴ്ചയിൽ)

* ഓരോ ക്ലാസിൽ നിന്നും ക്ലാസ് അധ്യാപികയുടെ നേതൃത്വത്തിൽ ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും കുട്ടി ലൈബ്രേറിയന്മാരാക്കുന്നു

*ചെയ്യേണ്ട പ്രവർത്തനരീതികളെക്കുറിച്ച് പൊതുവായി കുട്ടികൾക്ക് പരിശീലനം നൽകുന്നു.

*ഓരോ ക്ലാസിനും ഒരു നോട്ടുപുസ്തകം വിതരണ രജിസ്റ്ററായി നൽകുന്നു

*പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ (എല്ലാ തിങ്കളാഴ്ചയും ഉച്ചയ്ക്ക് 1.30 ന്)

. നിർവഹണ ചുമതല

ലൈബ്രറി ചുമതലയുള്ള അധ്യാപിക, SRG കൺവീനർ

. ധനകാര്യ വിശകലനം

പുസ്തകങ്ങൾ വാങ്ങുന്നതിന്

ആനുകാലികങ്ങൾ വാർഷിക വരിസംഖ്യ

ആകെ (ഇത് പി.ടി.എ, എസ്.എസ്.എ, ഗ്രാമപഞ്ചായത്ത്, സ്പോൺസർഷിപ്പ് എന്നിവയി ലൂടെ കണ്ടെത്തണം)

മോണിറ്ററിംഗ്

ഹെഡ്മാസ്റ്റർ, സീനിയർ അസിസ്റ്റന്റ്, പി.ടി.എ/എം.പി.ടി.എ പ്രതിനിധി

**ക്ലാസ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തി പ്രവർത്തനക്ഷമമാക്കും.**

പ്രവർത്തനങ്ങൾ

വിവിധ വിഷയങ്ങളിൽ ഓരോ ക്ലാസിനും വേണ്ട റഫറൻസ്, വായനാപുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ (പാഠാസൂത്രണത്തോടനുബന്ധിച്ച് ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ )

ക്ലാസ് പി.ടി.എ, അധ്യാപകർ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സഹായത്തിൽ ധനസമാഹരണവും പുസ്തകശേഖരണവും(പി.ടി.എ, എസ് എസ്.ജി, ക്ലാസ് പി.ടി.എ എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു 2025 ജൂൺ - ജൂലൈ മാസങ്ങളിൽ)

* പിറന്നാളിനൊരു പുസ്തകം ക്ലാസ് ലൈബ്രറി പരിപാടി

അധ്യാപകരും കുട്ടികളും അവരവരുടെ പിറന്നാളിന് ഒരു പുസ്തകം ലൈബ്രറിക്ക് സമ്മാനിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം (2025 ജൂൺ മാസത്തെ ആദ്യ അസംബ്ലിയിൽ, മെയ് ജൂൺ മാസങ്ങളിൽ പിറന്നാൾ വരുന്ന അധ്യാപകരും ഏതാനും കുട്ടികളും പുസ്തകം നൽകിക്കൊണ്ട്)

ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കൽ (2025-ജൂൺ ആദ്യവാരം)

2025 ജൂൺമാസത്തെ ആദ്യ ക്ലാസ് പി.ടി.എയോഗത്തിൽ രക്ഷിതാക്കളെ വിവരമറിയിക്കൽ

ഓരോ അസംബ്ലിയിലും ലഭ്യതയനുസരിച്ച് പുസ്തകങ്ങളുടെ കൈമാറ്റം (അതാത് ക്ലാസ് ടീച്ചർക്കോ കുട്ടി ലൈബ്രേറിയന്മാർക്കോ)

**നവംബർ 14 ന് കുട്ടിക്കൊരു പുസ്തകം പദ്ധതി - ബാഗ് ലൈബ്രറി**

സംവിധാനം പ്രാവർത്തികമാക്കും (എല്ലാ കുട്ടികളുടെയും ബാഗിൽ എപ്പോഴും ഒരു വായനാപുസ്തകം ഉണ്ടാകുമെന്ന് ഉറപ്പാക്കുന്നതിന്)

** ബാഗ് ലൈബ്രറിയിലേക്ക് എൻ്റെ വക പുസ്തകം സമാഹരണക്യാമ്പയിൻ സംഘടിപ്പിക്കുന്നു.

(അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, മറ്റു പ്രാദേശികകൂട്ടായ്മകൾ എന്നിവയിൽ നിന്നും പുസ്തകങ്ങളോ ധനസഹായമോ സ്വീകരിച്ച് പുസ്തകശേഖരം ഉണ്ടാക്കുന്നു. 2025 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ

ശേഖരിച്ച പുസ്തകങ്ങളുടെ വിപുലമായ പ്രദർശനം സംഘടിപ്പിക്കുന്നു. (2025 ഒക്ടോബറിൽ)

* ഓരോ ക്ലാസിലെയും കുട്ടികളുടെ എണ്ണമനുസരിച്ച് പുസ്തകങ്ങൾ ക്ലാസുകൾക്ക് വീതിച്ച നൽകുന്നു 2025 ജൂൺ 19

നവംബർ 14 ശിശുദിനത്തിൽ ബാഗ് ലൈബ്രറി സംവിധാനം നടപ്പിലായതിന്റെ പ്രഖ്യാപനം.

* സംവിധാനം ഫലപ്രദമായി നടപ്പിലാവുന്നുണ്ടെന്ന് മോണിറ്ററിംഗിലൂടെ ഉറപ്പ് വരുത്തുന്നു.

**2025 ജൂലൈ 31 ന് വായനാപരിപോഷണത്തിനുള്ള വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഫലപ്രദമായി നടപ്പിലാക്കും.**

(വായന പ്രോത്സാഹിപ്പിക്കുന്നതിനും വായിച്ച പുസ്തകങ്ങൾ സംബന്ധിച്ച അഭിപ്രായങ്ങൾ വിവിധ രീതിയിൽ പ്രകടിപ്പിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനുമുള്ള അവസരങ്ങളൊരുക്കുന്നതിന്)

+ വായനാവാരത്തോടനുബന്ധിച്ച് പുസ്തകപ്രദർശനം

കുട്ടികൾക്ക് പുസ്തകങ്ങൾ കാണാനും പരിചയപ്പെടാനും അവസരമൊരുക്കുന്നു. (2025 ജൂൺ 19 ന്

* വായനാവാരത്തിൽ വായനോത്സവം സംഘടിപ്പിക്കുന്നു. മുഴുവൻ കുട്ടികളും ഒരു പുസ്ത കമെങ്കിലും വായിച്ചുവെന്ന് ഉറപ്പ് വരുത്തുന്നു (ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ) ഏറ്റവും കൂടുതൽ പുസ്തകം വായിച്ച കുട്ടികളെ അസംബ്ലിയിലും പൊതുചടങ്ങിലും ആദരിക്കുന്നു .സമ്മാനങ്ങൾ നൽകുന്നു. (2025 ജൂൺ 19 മുതൽ)

*വായനാകുറിപ്പ് തയ്യാറാക്കൽ)

ആഴ്ച തോറും വായനാകുറിപ്പ് മത്സരം ക്ലാസ് തലത്തിൽ പുസ്തകസമ്മാനം. (മാസത്തിൽ ഒരിക്കൽ ികച്ച ഒന്നിന്)

മാസത്തിലൊരിക്കൽ വായനാകുറിപ്പ് പതിപ്പ് നിർമ്മാണം - പ്രകാശനം

025 ജൂലൈ 31 നകം രക്ഷിതാക്കളുടെ വായനാപരിപോഷണത്തിനുള്ള പരിപാടികൾ ആവിഷ്കരിച്ച് ടപ്പിലാക്കും.

വായനാവാരത്തോടനുബന്ധിച്ച് അമ്മവായന ഉദ്ഘാടനം

വായനകുറിപ്പ് മത്സരം

PTA യിൽ ഏറ്റവും കൂടുതൽ പുസ്തകം വായിച്ച രക്ഷിതാവിന് സമ്മാനം നൽകുന്നു.

# SUBJECT : ENGLISH

| | | | | | | |
|---|---|---|---|---|---|---|
| AIM | OBJECTIVES | ACTIVITIES | METHOD OF IMPLIMENTATION | DONE BY | PERIOD | FINANCIAL |
| To prepare students handle English language in communication and asthetic creations | Learnens are able to ex-change their ideas in conversations and writing pieces | 1. Formation of English club and its functions as follows | Impliment under the banner of English club | Club students | until goal is achived | Nil |
| | | 2. To enact small pieces of dialogues coming in the reader. Make them charectrise and let children act accordingly | Language games are conducted | | | |
| | | 3. Language games are played. so that they can use language directly<br>4. Describe somethings which are easily acces-sible within the needs of students. | Classes with the help local resources and RPS, Give chances to get enough listening practices | School SRG | 6 months | PTA 5000 RP Remuraration |
| Get children mastered English commu-nication | Communication ability is developed among children | 5.Communicative (Speech classes are provided | | | | |
| | | Make arrangements for getting oral practice of words which are familiar to children after sentence, words cards given. | Words sentence cards are used Eng. Tr. | English club | June to March | |
| | | 1. English assembly<br>2. English Diary writing<br>3. Class | Every tuesday & Friday moming 9.45 English prayer, pledge, Special introduction by HM/trs.say a | | | Every Friday<br>Every |

## SUBJECT : ENGLISH

| | | | | | | |
|---|---|---|---|---|---|---|
| iving various ctivities, o that tudents re able to oments in nglish luently | Activities connection with mastering in various discourses<br><br>6. English Theatre<br><br>7. Adding lines<br><br>8. Creating Asethetic pieces, lyrics, Rhymes, stories (working)<br><br>9. One English programme each day.<br><br>10 English SRG<br><br>11 Parents awareness workshop | library(English) (My English corner)<br><br>4. wall charts, Magazines collections of writings.<br><br>5. Special communicative classes<br><br>Depending schems of text books, prepareskit and enact.<br><br>Give practices in vocabulary expension by adding lines Expose English for developing Asthetic appre-ciation story telling, Descrip-tion, conversation twice in a weak help parents to assist their work | Rhyme story telling by students. Giving hints only, Don'temphasise grammer. pieces of language encourage students.<br><br>prepare a corner by arranging fumitures shelf. Provide books periodicals, English Newspaper Conduct reading competitios Reading meterials prepared Special classes for language discourses. | Teachers of English<br><br>SRG | Once in a month | Wednes day<br><br>10000 RS – PTA |

# ഗണിതശാസ്ത്രം

എല്ലാ സംസ്കാരങ്ങളുടെയും കൂടെ ഗണിതവും വളർന്നിട്ടുണ്ട്. ചിലപ്പോഴെല്ലാം ഗണിതം ഒരു സംസ്കാരത്തിൽ നിന്ന് മറ്റു സംസ്കാരങ്ങളിലേക്ക് പകർന്നു പോയിട്ടുണ്ട്. ഇപ്പോൾ ലോകമാകമാനം ഗണിതശാസ്ത്രം ഒരൊറ്റ ശാസ്ത്രശാഖയായി നില കൊള്ളുന്നുവെങ്കിൽ അതിന്റെ പിന്നിൽ ബൃഹത്തായ ചരിത്രമുണ്ട്. അതിന്റെ വേരുകൾ ഉറച്ചുനിൽക്കുന്നതിൽ ചില മഹാത്മാക്കളുടെ സ്വപ്നങ്ങളും ത്യാഗങ്ങളും ജീവനും ജീവിതവും ആണെന്നതിൽ സംശയമില്ല.

ഗണിതം മനോഹരമായ ഒരു ചങ്ങലയാണ്. അതിലെ കണ്ണികൾ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിതപഠനം രസകരമാകൂ. ഗണിതാശയങ്ങളിലെ യാന്ത്രികത ഉപേക്ഷിക്കാനും പരമാവധി ജീവിത സാഹചര്യങ്ങളുടെ അകമ്പടിയോടെ ഗണിതശാസ്ത്ര പ്രശ്ന ങ്ങളെ അവതരിപ്പിക്കാൻ ഉതകുന്നതും പഠനപ്രവർത്തനങ്ങൾ തന്നെയാണ്. ജ്ഞാനനിർമിതിയിലധിഷ്ഠിതമായ പ്രക്രിയബന്ധിതപഠനം ഗണിതപഠനത്തിലെത്തിക്കുന്നെങ്കിലും ചില പ്രയാസങ്ങളും പരിമിതികളും ഗണിത അധ്യാപകർ നേരിടുന്നു . കുട്ടികളിൽ ഗണിത ശേഷികൾ വളർത്തുന്നതോടൊപ്പം തന്നെ ഗണിത പഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ നമ്മളിൽ എത്ര പേർക്ക് സാധിക്കുന്നുവെന്നു നാം ചിന്തിക്കേണ്ട വിഷയമാണ് .യാന്ത്രിക നടപടികൾ പരിഹരിച്ചാൽ ഒരു പരിധി വരെ സുഖകരമാകും .

## അക്കാദമിക പ്രവർത്തനങ്ങൾ വിഷയം : ഗണിതം

പ്രശ്നം : ചതുഷ്ക്രിയകൾ പ്രായോഗിക പ്രശ്നത്തിൽ ഉൾപ്പെടുമ്പോൾ ഉത്തരത്തിൽ എത്താൻ സാധിക്കുന്നില്ല

| കാരണങ്ങൾ | പരിഹാര നിർദ്ദേശങ്ങൾ | പദ്ധതി |
|---|---|---|
| കുട്ടികൾ<br><br>1. കുട്ടികൾക്ക് ഗണിതപഠനത്തോടുള്ള താൽപര്യക്കുറവ്<br><br>2. ഗണിതത്തിന്റെ അടിസ്ഥാനശേഷികൾ എല്ലാവരും നേടിയിട്ടില്ല.<br><br>3. ചതുഷ്ക്രിയകൾ പ്രായോഗികപ്രശ്നത്തിൽ ഉൾപ്പെടുമ്പോൾ ഏത് ക്രിയയിലൂടെ ഉത്തരത്തിലെത്തിച്ചേരും എന്ന് മനസ്സിലാക്കാൻ സാധി ക്കുന്നില്ല.<br><br>4. തുടർച്ചയായി സ്കൂളിൽ ഹാജരാകാതിരിക്കൽ | പ്രായോഗികപ്രശ്നങ്ങളിലൂടെ ചതുഷ്ക്രിയകളുടെ നിർദ്ധാരണത്തിന് കൂടുതൽ അവസരം ലഭിക്കുന്ന വിധത്തിൽ പ്രവർത്തനങ്ങൾ ചെയ്യണം.<br><br>3, 4 ക്ലാസുകളിൽ പ്രീടെസ്റ്റ് നടത്തി ഗണിതത്തിന്റെ അടിസ്ഥാനശേഷി കൾ നേടിയിട്ടുണ്ടോഎന്ന് വിലയിരു<br><br>അടിസ്ഥാനശേഷികൾ ഉറപ്പിക്കൽ എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണവും പഠനോപകരണങ്ങളും തയ്യാറാക്കൽ | പ്രായോഗിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പഠനപ്രവർത്തനം, ആസൂത്രണം<br><br>ഐ.സി.ടി. അധി ഷ്ഠിതമായ പഠനപ്ര വർത്തനങ്ങളുടെ ആസൂത്രണം<br>പ്രീടെസ്റ്റ് |

| | | |
|---|---|---|
| അധ്യാപകർ<br>1. എല്ലാ കുട്ടികളെയും പരിഗ ണിച്ച് ക്ലാസുകൾകൊണ്ടുപോ കാൻ സാധിക്കുന്നില്ല.<br>2. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കനുയോജ്യ മായ പ്രവർത്തനങ്ങൾ നടപ്പിലാ ക്കാൻ സാധിക്കുന്നില്ല.<br>3. വൈവിധ്യമാർന്ന പ്രവർത്ത നങ്ങൾ നടപ്പാക്കാൻ കഴിയുന്നില്ല.<br>പഠനോപകരണങ്ങൾ ഇല്ലാതെ ക്ലാസ്<br>സ്കീം ഓഫ് വർക്കിന്റെ ചട്ടക്കൂ | ഗണിതപഠനം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക ഗണിതലാബ് രൂപീകരിക്കുക<br><br>ക്ലാസ് പി.ടി.എ ഫലപ്രദമാക്കുക<br><br>വീടുകളിലെ പഠനാന്തരീക്ഷം മെച്ച പ്പെടുത്താനുള്ള പ്രവർത്തനം<br><br>റിസോഴ്സ് ടീച്ചേഴ്സിന്റെ ക്ലാസു കൾ വിദ്യാലയങ്ങളിൽ സംഘടിപ്പി ക്കുക.<br><br>അധ്യാപകർക്ക് ഐ.സി.ടി പരിശീ ലനം നൽകുക.<br>ക്ലാസ് ഗണിതമൂല | |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭി രുചി വളർത്തുക | ഗണിതചരിത്രത്തിന്റെ ചരിത്രവും പ്രാധാ ന്യവും ഗണിതശാസ്ത്ര ജ്ഞരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെ ക്കുക | ജനവരി-മാർച്ച് | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി. കൺവീനർ, ക്ലാസ് ടീച്ചർ | |
| ഗണിതപരമായി ബന്ധപ്പെട്ട പിന്നോ ക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയ ങ്ങൾ പട്ടികപ്പെടുത്തുന്നു.<br><br>ചോദ്യാവലി ഉണ്ടാക്കുന്നു.<br>പ്രീടെസ്റ്റ്, മൂല്യനിർണയം, റിസൽട്ട് രേഖപ്പെടുത്തുന്നു<br>റിപ്പോർട്ട് തയ്യാറാക്കൽ<br>എസ്. ആർ ജിയിൽ അവതരണം,<br>സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി, ക്ലാസ് ടീച്ചർ | |

| മുഖ്യ ലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനം | നടപ്പാക്കുന്നരീതി | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|---|---|
| പരിസരപഠനവുമായി ബന്ധപ്പെട്ട വസ്തുതകളിൽ കുട്ടി അവഗാഹം നേടുക | | പോസ്റ്റർ നിർമ്മാണം | ശുചിത്വം, പ്ലാസ്റ്റിക് നിർമാർജനം ജലസംരക്ഷണം പരിസ്ഥിതി മലിനീകരണം | പരിസ്ഥിതി ക്ലബ്ബ് | ജൂൺ- സെപ്റ്റംബർ | |
| പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുക | ശാസ്ത്രമനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങൾ ടിപ്പിക്കുക. നിരീക്ഷണ പാടവം വളർത്തുക | പരീക്ഷണം, നിരീക്ഷണം | ചർച്ചയിലൂടെ കിട്ടിയ വസ്തുതകൾ ചേർത്ത് പോസ്റ്റർ രചന, കുറിപ്പ് തയ്യാറാക്കൽ, പരീക്ഷണം - ഘട്ടങ്ങളിലൂടെ | | | |
| കുട്ടികളുടെ മനസ്സിൽ പ്രകൃതി സ്നേഹം വളർത്തുക | | ശാസ്ത്രമൂല തയ്യാറാക്കൽ | പ്രശ്നം കണ്ടെത്തൽ, ഡാറ്റാ കലക്ഷൻ, പരിശോധന, അപഗ്രഥനം, നിഗമനം | ശാസ്ത്ര ക്ലബ് | | |

## മേഖല : അക്കാദമികം

### ഉപമേഖല : അറബിക്

| ...ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ...റബിഭാഷയോട് ...ാൻ പ...യുണ്ടാക്കൽ | സി.ഡി, ഇ.ടെക്സ്റ്റ്, | ജൂൺ | അറ ബിക് അധ്യാപിക |
| ...അറബിക് ഭാഷ യിൽ ...ന്നോക്കം നിൽക്കുന്ന ...ദ്യാ ർത്ഥികളെ പരി ...ാഷിപ്പിക്കാ നുള്ള ...ത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കവിദ്യാർത്ഥിക ളെകണ്ടെത്തുന്നു. പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് പിന്നോക്കക്കാരെ കണ്ടെത്തി പരി ഹാരബോധനം നടത്തുന്നു | ജൂൺ-ജൂലൈ | അറ ബിക് അധ്യാപിക |
| ...ട്ടികളെ നല്ല ...നക്കാരാക്കുക | തെരഞ്ഞെടുത്ത ലളിതമായ അറബിക് ബുക്ക്, ലളിതമായ വാക്യങ്ങൾ എഴുതിയ കാർഡ് ചിത്രകഥ മുതലായവ ഓരോ അറബിക് പിരീഡിലും റോൾ നമ്പർ അനുസരിച്ച് 3 പേർക്ക് വായനക്ക് നൽകൽ , ക്ലാസ് വായന, വ്യക്തിഗത വായന നടത്തി വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | എല്ലാ മാസവും | |
| ...ഷയെ അറിയൽ | അറബിഭാഷയുടെ പ്രാധാന്യത്തെപ്പറ്റി പ്രദർശനം | ജൂലൈ | |
| ...ദപരിചയം ...ബിഭാഷ പദസമ്പത്ത് ...ിപ്പിക്കൽ | ദിവസം തോറും പുതിയ പദങ്ങള ബോർഡിലെഴുതുന്നു. കുട്ടി എഴുതിയെടുക്കുകയും ആ പദവുമായി ബന്ധമുള്ള | | |

## മേഖല : അക്കാദമികം

### ഉപമേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബിഭാഷയോട് താൽപര്യമുണ്ടാക്കൽ | സി.ഡി, ഇ.ടെക്സ്റ്റ് , | ജൂൺ | അറ ബിക് അധ്യാപിക |
| 2. അറബിക് ഭാഷ യിൽ പിന്നോക്കം നിൽക്കുന്ന വിദ്യാ ർത്ഥികളെ പരി പോഷിപ്പിക്കാ മുള്ള പ്രത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കവിദ്യാർത്ഥിക ളെകണ്ടെത്തുന്നു. പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് പിന്നോക്കക്കാരെ കണ്ടെത്തി പരി ഹാരബോധനം നടത്തുന്നു | ജൂൺ-ജൂലൈ | അറ ബിക് അധ്യാപിക |
| കുട്ടികളെ നല്ല വായനക്കാരാക്കുക | തെരഞ്ഞെടുത്ത ലളിതമായ അറബിക് ബുക്ക്, ലളിതമായ വാക്യങ്ങൾ എഴുതിയ കാർഡ് ചിത്രകഥ മുതലായവ ഓരോ അറബിക് പിരീഡിലും റോൾ നമ്പർ അനുസരിച്ച് 3 പേർക്ക് വായനക്ക് നൽകൽ , ക്ലാസ് വായന, വ്യക്തിഗത വായന നടത്തി വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | എല്ലാ മാസവും | |
| ഭാഷയെ അറിയൽ | അറബിഭാഷയുടെ പ്രാധാന്യത്തെപ്പറ്റി പ്രദർശനം | ജൂലൈ | |
| പദപരിചയം അറബിഭാഷ പദസമ്പത്ത് വർദ്ധിപ്പിക്കൽ | ദിവസം തോറും പുതിയ പദങ്ങള ബോർഡിലെഴുതുന്നു. കുട്ടി എഴുതിയെടുക്കുകയും ആ പദവുമായി ബന്ധമുള്ള | | |

## മേഖല : അക്കാദമികം

### ഉപമേഖല : അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അറബിഭാഷയോട് | സി.ഡി, ഇ.ടെക്സ്റ്റ് , | ജൂൺ | അറ ബിക് അധ്യാപിക |
| 2. അറബിക് ഭാഷ യിൽ പിന്നോക്കം നിൽക്കുന്ന വിദ്യാ ർത്ഥികളെ പരി പോഷിപ്പിക്കാ മുള്ള പ്രത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കവിദ്യാർത്ഥിക ളെകണ്ടെത്തുന്നു. പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ ഉപയോഗിച്ച് പിന്നോക്കക്കാരെ കണ്ടെത്തി പരി ഹാരബോധനം നടത്തുന്നു | ജൂൺ-ജൂലൈ | അറ ബിക് അധ്യാപിക |
| 3. കുട്ടികളെ നല്ല വായനക്കാരാക്കുക | തെരഞ്ഞെടുത്ത ലളിതമായ അറബിക് ബുക്ക്, ലളിതമായ വാക്യങ്ങൾ എഴുതിയ കാർഡ് ചിത്രകഥ മുതലായവ ഓരോ അറബിക് പിരീഡിലും റോൾ നമ്പർ അനുസരിച്ച് 3 പേർക്ക് വായനക്ക് നൽകൽ , ക്ലാസ് വായന, വ്യക്തിഗത വായന നടത്തി വിജയിയെ കണ്ടെത്തി സമ്മാനം നൽകുന്നു. | എല്ലാ മാസവും | |
| 4. ഭാഷയെ അറിയൽ | അറബിഭാഷയുടെ പ്രാധാന്യത്തെപ്പറ്റി പ്രദർശനം | ജൂലൈ | |
| 5. പദപരിചയം അറബിഭാഷ പദസമ്പത്ത് വർദ്ധിപ്പി | ദിവസം തോറും പുതിയ പദങ്ങള ബോർഡിലെഴുതുന്നു. കുട്ടി എഴുതിയെടുക്കുകയും ആ പദവുമായി ബന്ധമുള്ള | | |

| | | | |
|---|---|---|---|
| | മറ്റ് പദങ്ങൾ എഴുതാനാവശ്യപ്പെടുകയും ചെയ്യുന്നു. കൂടുതൽ എഴുതുന്നവരെ പ്രോത്സാഹിപ്പിക്കുന്ന | | |
| ...റബി ഭാഷയെ ...സിന് പുറത്ത് ...ിചയപ്പെടുത്തൽ | പൊതുജനങ്ങളെക്കൂടി പങ്കെടു പ്പിച്ച്കൊണ്ട് അറബി ഭാഷാക്വിസ് മത്സരം സംഘടിപ്പിക്കുക. ഇതിനായി 25 ൽ കുറയാത്ത ചോദ്യാവലികൾ പ്രിന്റ് ചെയ്യ്തുകുന്നു. നിശ്ചിത ദിവസത്തിനുള്ളിൽ സ്കൂളിൽ സ്ഥാപിച്ച ബോക്സിൽ ഉത്തരങ്ങൾ നിക്ഷേപിക്കുന്നു. വിജയികൾക്ക് നിശ്ചയിക്കപ്പെട്ട ദിവസംസമ്മാനം നൽകുന്നു. രക്ഷിതാക്കളിൽ നിന്ന് ഭാഷാ അവ ബോധമുള്ളവരെ പങ്കെടുപ്പിക്കുന്ന ഭാഷാ എക്സിബിഷൻ സംഘടിപ്പി ക്കുന്നു | അറബിക് ദിന മായ ഡിസംബർ 18 | |
| ഉപചാരവാക്കുക ...രിചയപ്പെടൽ | അറബിക് പിരീഡിലും മറ്റവസരങ്ങ ളിലും അറബിക് ഉപചാരവാക്കുകൾ | | |
| ...ചെറിയ ക്ലാസുക ളിൽ എഴുത്തിന് പ്രേരിപ്പിക്കാ | എഴുത്ത് പെട്ടി ക്ലാസിൽ ഒരു ബോക്സ് സ്ഥാപിക്കുന്നു വൃത്തി, വ്യക്തത, തെറ്റില്ലായ്മ എന്നിവ പരി ഗണിച്ച് രണ്ടാഴ്ചയിൽ ഒരി | | |

| | | | |
|---|---|---|---|
| | ക്കൽവിജയികളെ തെരഞ്ഞെടുക്കുന്നു അവർക്ക് അസംബ്ലിയിൽ സമ്മാനം നൽകുന്നു. (ഒന്ന് രണ്ട് ക്ലാസുകളിൽ മാത്രം) | | |
| മാസിക നിർമ്മാണം | കയ്യെഴുത്ത് മാസിക നിർമ്മാണം വിവിധ സമയങ്ങളിൽ ലഭിക്കുന്ന സൗകര്യത്തിനനുസരിച്ച് പേപ്പർ നൽകി വിദ്യാർത്ഥികളെ എഴുത്തിന് പ്രേരിപ്പിക്കുന്നു. അതുവഴി ലഭി ക്കുന്ന സൃഷ്ടികൾ ഉൾക്കൊള്ളിച്ച് കയ്യെഴുത്ത് മാസിക നിർമ്മിക്കൽ | | |
| 10. രക്ഷിതാക്കളെ പഠനവുമായി ബന്ധിപ്പിക്കൽ | രക്ഷിതാക്കളുടെ യോഗം വിളിച്ച് പഠനത്തിൽ സഹായിക്കാൻ പറ്റുന്ന മേഖലകൾ പരിചയപ്പെടുത്തൽ. ഹോം ടെസ്റ്റ് - അധ്യാപിക ചോദ്യം നൽകി കുട്ടി വീട്ടിൽ നിന്ന് പരീക്ഷ എഴുതുന്ന രീതി സംഘടി പ്പിക്കൽ | ഓരോ ടേമിലും ഒന്നു വീതം | അധ്യാപിക രക്ഷിതാക്കൾ |
| 11. നല്ല ദിനങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണ ങ്ങളിൽ കുട്ടികൾഅധ്യാപികയുടെ സഹായത്തോടെഅറബിക്പോസ്റ്റർ തയ്യാറാക്കുന്നു പ്രത്യേകദിന ങ്ങളിൽ | പ്രത്യേകദിനങ്ങളിൽ | അധ്യാപിക |

# വിഷയം : കല-കായികം ആരോഗ്യ- വിദ്യാഭ്യാസം

## പ്രശ്നവിശകലനഫോർമാറ്റ്

പ്രശ്നം: കുട്ടികൾക്ക് കലാകായിക പരിശീലനം ആവശ്യമായത്രയും ലഭിക്കുന്നില്ല.
കായികഉപകരണങ്ങൾ ഇല്ല. PE ടീച്ചർ ഇല്ല.
മുഴവൻ കുട്ടികൾക്കും പ്രായത്തിനനുസരിച്ച രീതിയിലുള്ള മെച്ചപ്പെട്ട കായിക പരിശീലനം നൽകുക.

കാരണങ്ങൾ

സ്കൂളിൽ ആവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ ഇല്ല. കായികാധ്യാപകൻ സേവനം ദിവസേന ലഭിക്കുന്നില്ല .കലാധ്യാപകൻ്റെ സേവനം ലഭിക്കുന്നില്ല.
കലാവിദ്യാഭ്യാസ ത്തെക്കുറിച്ചുള്ള രക്ഷിതാക്കളുടെ പരിജ്ഞാനക്കുറവ്

| പ്രവർത്തനങ്ങൾ | പ്രവർത്തനരീതി | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| സ്പോർട്സ്ക്ലബ്ബ് രൂപീകരണം | കായികരംഗത്ത് തൽപര രായകുട്ടികളെ തെര ഞ്ഞെടുപ്പ് നടത്തി ക്ലബ്ബ് രൂപീകരണം | സ്പോർട്സ്ക്ലബ്ബ് | ജൂലൈ- | |
| സ്പോർട്സ് ഡേ ആഘോഷിക്കൽ | ഒരു ദിവസം സ്പോർട്സ് ഡേ ആയി ആഘോഷിക്കൽ | ടീച്ചേർസ് | ആഗസ്റ്റ് | |
| കലാദിനാആഘോ ഷിക്കൽ | സ്കൂൾ ഫെസ്റ്റ് (ഒരു ദിവസം കലാദിനം) | ടീച്ചേർസ് | ടേമിൽഒന്ന് | |
| കലാകായികപ്ര തിഭകളെ ആദരി | സ്കൂളിൽ നിന്നും അർഹത നേടിയവരെ ആദരിക്കുന്നു. | പി ടി എ | | |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് സമ ഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടി ക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷ ണയജ്ഞം. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതുകൊണ്ടു മാത്രം വിദ്യാലയങ്ങൾ പൂർണ്ണതയിൽ എത്തി എന്ന് അവകാശപ്പെ ടാനാവില്ല. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉന്നതിയിൽ എത്തി ക്കുന്നതിനാവശ്യമായ ചില നിർദ്ദേശങ്ങൾ പൊതുസമൂഹത്തിന് സമർപ്പിക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ശ്രമം നടത്തുകയാണ്.